**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 559** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക ഉത്പ്പന്നങ്ങളിൽ നിന്ന് വൈൻ ഉത്പ്പാദനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന തനത് കാർഷിക ഉത്പന്നങ്ങളിൽ നിന്ന് വൈൻ (ഹോർട്ടി വൈൻ) നിർമ്മിക്കുന്നതിന് മുൻ സർക്കാർ അനുവാദം നൽകിയിരുന്നോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന തനത് കാർഷിക ഉത്പന്നങ്ങളിൽ നിന്ന് വൈൻ (ഹോർട്ടി വൈൻ) നിർമ്മിക്കുന്നതിന് അനുവാദം നൽകിയിരുന്നു. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ധാന്യങ്ങൾ ഒഴികെയുള്ള കാർഷിക വിളകളിൽ നിന്നും 15.5% v/v വരെ ആൽക്കഹോൾ വീര്യമുള്ള ഹോർട്ടി വൈൻ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്.

**(ബി)** എങ്കിൽ ഇത്തരത്തിൽ വൈൻ നിർമ്മിക്കുന്നതിന് എത്ര സ്ഥാപനങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഹോർട്ടി വൈൻ നിർമ്മിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് 7 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരുന്നു. ടി സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. Dr. Saji Gomez, Professor (Hort), Department of Post Harvest Management, Colllege of Agriculture, Kerala Agricultural University, Vellanikkara, Thrissur

2. Sebastian P Augustine, Palamattam, Beemanady.P.O, Nileshwar, Kasaragode

3. P.0. Thomas, Panamkunnil, Kokkadu P.O, Chakkuvarakkal, Kollam.

4. Joice Peter, Managing Director, Malabar Winery Private Limited, Payyavoor, Kannur

5. Suresh kumar.K.S, Proprietor, Kochery Ayur Links, Ashtamichira, Thrissur

6. Deepak. V.R, Candace Dee Wine LLP, Thrissur

7. Nirmal Jacob Olangattu, Jacob Distilleries, Marakkadavu P.O, Waynadu

**(സി)** പാഴായിപ്പോകുന്ന കാർഷിക ഉത്പന്നങ്ങൾ ഉപയോഗിച്ച് വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാൻ മൈക്രോ ഡിസ്റ്റിലറികൾ ആരംഭിക്കുന്നതിന് മുൻ സർക്കാർ ചട്ടങ്ങൾ

രൂപീകരിച്ചിട്ടുണ്ടോ;

**മറുപടി:** രൂപീകരിച്ചിട്ടുണ്ട്.

**(ഡി)** കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകുന്ന പ്രസ്തുത പദ്ധതികൾ തുടർന്നുകൊണ്ടുപോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പ്രസ്തുത പദ്ധതി തുടർന്ന് കൊണ്ട് പോകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**